പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5717** **18.11.2019 - ൽ മറുപടിക്ക്.**

## റേഷൻ വിതരണം സുഗമമാക്കുവാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.കെ. ശശി :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ വിതരണം സുഗമമാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | **(എ) യും (ബി) യും** | റേഷൻ വിതരണം സുഗമമാക്കുവാൻ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നവയാണ്.<br>1. റേഷൻ കാർഡുടമകൾക്ക് അർഹമായ റേഷൻ കൃത്യമായ അളവിൽ വിതരണം ചെയ്യുന്നു.<br>2. പൊതുവിതരണരംഗം അഴിമതി മുക്തമാക്കുന്നതിന് സാധിച്ചു.<br>3. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു.<br>4. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു.<br>5. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.<br>6. റേഷൻ കാർഡുകൾ കിട്ടുന്നതിന് ഓൺലൈനായി അപേക്ഷിക്കാവുന്ന സംവിധാനം നിലവിൽ വന്നു.<br>7. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നു.<br>8. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.<br>9. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ് സന്ദേശം നൽകിവരുന്നു. |

10. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

11. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

12. റേഷൻ കടകൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

13. റേഷൻ വ്യാപാരികൾക്ക് 01.12.2018 മുതൽ പുതിയ കമ്മീഷൻ പാക്കേജ് നടപ്പിലാക്കി.

14. ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

15. സംസ്ഥാനത്തെ ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാവുന്ന സംവിധാനം (പോർട്ടബിലിറ്റി) നിലവിൽ വന്നിട്ടുണ്ട്.

16. റേഷൻകടയിൽ നേരിട്ട് പോകാൻ സാധിക്കാത്തവർക്ക് (ശാരീരിക, മാനസിക വെല്ലുവിളികൾ മൂലം) പകരക്കാരെ നിയോഗിക്കാവുന്ന പ്രോക്സി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്വതന്ത്ര ചുമതല ഉള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ അവലോകനം ചെയ്യുന്നതിന് സംസ്ഥാനമൊട്ടാകെ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു.

ഇതിനു പുറമെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ കേന്ദ്രസർക്കാർ നിയമിച്ചിട്ടുണ്ട്.

**(ബി)** ഇ-പോസ് മെഷീൻ ഏർപ്പെടുത്തിയത് റേഷൻ വിതരണം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**സെക്ഷൻ ഓഫീസർ**